"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മലപ്പുറം ജില്ല - ബഹു. കേരള ഹൈക്കോടതി മുമ്പാകെ ശ്രീ. ടി. വി. മുഹമ്മദാലി ഹാജി ഫയൽ ചെയ്ത WP(C) 18164/2022 നമ്പർ കേസിന്മേലുള്ള 26.08.2025-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു - ഉത്തരവ് പുറപ്പെടുവിച്ചു.

**റവന്യൂ (പിബി) വകുപ്പ്**

സ.ഉ.(സാധാ) നം.414/2026/RD തീയതി,തിരുവനന്തപുരം, 23-02-2026

പരാമർശം:-

1. 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് ക്ലോസ് 7 പ്രകാരം തിരൂർ ഡിവിഷണൽ ഓഫീസർ 21.04.2007-ൽ പുറപ്പെടുവിച്ച 1614/05/F നമ്പർ നോട്ടീസ്.
2. തിരൂർ ഡിവിഷണൽ ഓഫീസറുടെ 29.07.2010-ലെ എഫ്.1614/05 നമ്പർ നടപടിക്രമം.
3. തിരൂർ ഡിവിഷണൽ ഓഫീസറുടെ 27.04.2022-ലെ എഫ്.1614/05 നമ്പർ നടപടിക്രമം.
4. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ശ്രീ. ടി. വി. മുഹമ്മദാലി ഹാജി ഫയൽ ചെയ്ത WP(C) 18164/2022 നമ്പർ കേസിന്മേലുള്ള 26.08.2025 തീയതിയിലെ വിധിന്യായം.
5. COC 210/2026/X1 നമ്പരായി ബഹു. കേരള ഹൈക്കോടതി മുമ്പാകെ ശ്രീ. ടി. വി. മുഹമ്മദാലി ഹാജി ഫയൽ ചെയ്ത കോടതിയലക്ഷ്യ ഹർജ്ജി.

**ഉത്തരവ്**

താനൂർ വില്ലേജിൽ റീസർവ്വേ നമ്പർ 313/3-ൽപ്പെട്ട 2 ഏക്കർ 13 സെന്റ് വസ്തു 45 വർഷമായി തെങ്ങിൻ പുരയിടമാണെന്നും, ചുറ്റുമുള്ള വസ്തുക്കളൊന്നും നിലമിനത്തിൽപ്പെട്ട ഭൂമിയല്ലെന്നും, പ്രസ്തുത ഭൂമിയെ രണ്ടായി വിഭജിച്ചുകൊണ്ട് പഞ്ചായത്ത് റോഡ് കടന്നുപോകുന്നുണ്ടെന്നും, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വരുന്നതിനു മുൻപ്, നിലം നികത്താൻ ശ്രമിച്ചതിനെതിരെ സൂചന (1) പ്രകാരം ആർ. ഡി. ഒ. നൽകിയ നോട്ടീസിനെതിരെ ശ്രീ. ടി. വി. മുഹമ്മദാലി ഹാജി ലാൻഡ് റവന്യൂ കമ്മീഷണർ മുമ്പാകെ അപ്പീൽ

ഫയൽ ചെയ്തിരുന്നുവെന്നും, തുടർന്ന് പരാതിക്കാസ്പദമായ സ്ഥലത്ത് നേരിട്ട് സ്ഥലപരിശോധന നടത്തിക്കൊണ്ട് അഡീഷണൽ തഹസിൽദാരുടെ റിപ്പോർട്ടിന്റെയും, മറ്റ് തെളിവുകളുടെയും അടിസ്ഥാനത്തിൽ അന്തിമതീരുമാനമെടുക്കുന്നതിന് നാലാം എതിർകക്ഷിയായ തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് 21.01.2009-ൽ ലാൻഡ് റവന്യൂ കമ്മീഷണർ ഉത്തരവായിരുന്നതായും ശ്രീ. മുഹമ്മദലി ഹാജി നൽകിയ ഹർജ്ജിയിൽ സൂചിപ്പിച്ചിരിക്കുന്നു.

തുടർന്ന് റവന്യൂ ഡിവിഷണൽ ഓഫീസർ സ്ഥലപരിശോധന നടത്തി പ്രസ്തുത സ്ഥലം നെൽകൃഷിക്ക് അനുയോജ്യമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് വില്ലേജ് രേഖകളിൽ തോട്ടം എന്നാക്കി മാറ്റുന്നതിന് സൂചന (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

2. തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസിൽ റവന്യൂ ഇന്റലിജന്റ്സ് മുഖേന അന്വേഷണം നടത്തിയതിൽ നിന്നും പ്രസ്തുത ഭൂമി ബി. ടി. ആറിലും, സർവ്വേ രേഖകളിലും ഇപ്പോഴും നിലമായി കാണപ്പെടുന്നുവെന്നും, പ്രസ്തുത ഭൂമിയിൽ മാറ്റം വരുത്തിയിട്ടില്ലെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ മുമ്പ് റവന്യൂ ഡിവിഷണൽ ഓഫീസർ പുറപ്പെടുവിച്ച സൂചന (2) പ്രകാരമുള്ള ഉത്തരവ് റദ്ദാക്കിക്കൊണ്ട് സൂചന (3) പ്രകാരം തിരൂർ റവന്യൂ ഡിവിഷണൽ ഓഫസർ നടപടിക്രമം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നടപടിക്രമം പരാതിക്കാരനെ നേരിൽ കേൾക്കാതെ പുറപ്പെടുവിച്ചതാണെന്നും, പരാതിക്കാരന്റെ ഭൂമി ഡാറ്റാബാങ്കിൽ ഉൾപ്പട്ടിട്ടില്ലെന്ന് താനൂർ കൃഷി ഓഫീസർ സർട്ടിഫൈ ചെയ്തിട്ടുള്ളതാണെന്നും, അതിനാൽ സൂചന (3) നടപടിക്രമം റദ്ദാക്കണമെന്നുമാവശ്യപ്പെട്ടുകൊണ്ടാണ് സൂചന (4) പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ പരാതിക്കാരൻ കേസ് ഫയൽ ചെയ്തിരുന്നത്.

3. പ്രസ്തുത കേസിലെ 26.08.2025-ലെ സൂചന (4) പ്രകാരമുള്ള വിധിന്യായത്തിൽ ബഹു. ഹൈക്കോടതി തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ സൂചന (3) നടപടിക്രമവും, ടി നടപടിക്രമത്തിനാധാരമായ സർക്കാരിന്റെ 20.03.2017 തീയതിയിലെ 19581/ഡി3/2016-റവ നമ്പർ കത്തും റദ്ദ് ചെയ്ത് ഉത്തരവായിരുന്നു. അതോടൊപ്പം 20.03.2017 തീയതിയിലെ കത്തിന് ആധാരമായ എല്ലാ റിപ്പോർട്ടുകളും പരാതിക്കാരന് നൽകിക്കൊണ്ടും, ലാൻഡ് റവന്യൂ കമ്മീഷണറുടെ 21.01.2009ലെ എൽ. ആർ. എ1-29861/07 നമ്പർ ഉത്തരവും, തിരൂർ അഡീഷണൽ തഹസിൽദാരുടെ 16.02.2008 തീയതിയിലെ റിപ്പോർട്ടും, പരാതിക്കാരൻ ലഭ്യമാക്കുന്ന KSREC റിപ്പോർട്ടും മറ്റ് രേഖകളും പരിശോധിച്ച് പരാതിക്കാരനെ നേരിൽ കേൾക്കുന്നതിന് ഒന്നാമത്തെ എതിർ കക്ഷിയായ സർക്കാർ ഒരു നോട്ടീസ് നൽകണമെന്നും, പരാതിക്കാരനെ നേരിൽകേൾക്കുന്നതിന് അവസരം നൽകിയതിനുശേഷം വിഷയം പുതിയതായി പരിഗണിച്ച് പ്രസ്തുതവിധി പകർപ്പ് ലഭ്യമായി നാലുമാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്നും

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായത്തിൽ ഉത്തരവായിരുന്നു.

**4. 26.08.2025** തീയതിയിലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം **26.09.2025** തീയതിയിലാണ് സർക്കാരിൽ ലഭ്യമായത്. പ്രസ്തുത വിധിന്യായം പാലിക്കുന്നതിന് സമയപരിധി നീട്ടിനൽകണമെന്ന് ബഹു. ഹൈക്കോടതിയോട് അഭ്യർത്ഥിക്കുന്നതിനായി അഡ്വക്കേറ്റ് ജനറൽ മുമ്പാകെ സർക്കാരിൽ നിന്നും സത്യവാങ്മൂലം നൽകിയിരുന്നു.

**5.** എന്നാൽ പ്രസ്തുത വിധിന്യായം നടപ്പിലാക്കാത്തതിനാൽ ഹർജ്ജിക്കാരൻ സൂചന (5) ഹർജ്ജി ഫയൽ ചെയ്തിരിക്കുകയാണെന്നും, പ്രസ്തുത ഹർജ്ജി പരിഗണിച്ചുകൊണ്ട് വിധിന്യായപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് ബഹു. കോടതി ഒരാഴ്ചത്തെ സമയം നൽകിയിരിക്കുകയാണെന്നും വിധിന്യായം നടപ്പിലാക്കുന്നതിനാൽ വീഴ്ച വരുത്തുകയാണെങ്കിൽ പ്രതിഭാഗം നേരിട്ട് കോടതിമുമ്പാകെ ഹാജരാകണമെന്നും ബഹു. കോടതി ഉത്തരവായിട്ടുണ്ടെന്ന് അഡ്വക്കേറ്റ് ജനറൽ അറിയിച്ചിരുന്നു.

**6.** തുടർന്ന് **26.08.2025** തീയതിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഹർജ്ജിക്കാരനെയും മറ്റ് എതിർകക്ഷികളെയും **29.01.2026** തീയതിയിൽ രാവിലെ **11** മണിക്ക് റവന്യൂ (പി ബി)വകുപ്പ് അണ്ടർസെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. രോഗം കാരണം പരാതിക്കാരന് പ്രസ്തുത ഹിയറിങ്ങിന് ഹാജരാകാൻ കഴിഞ്ഞില്ല. പകരം ടിയാന്റെ മകൻ ഹാജരായി. മലപ്പുറം ജില്ലാ കളക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ട്, തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് തുടങ്ങിയവരും ഹിയറിങിൽ പങ്കെടുത്തു. പരാതിക്കാരന് പറയാനുള്ളത് ടിയാന്റെ മകൻ രേഖാ മൂലം സമർപ്പിക്കുകയുണ്ടായി. തങ്ങൾക്ക് അനുകൂലമായ ഒരു തീരുമാനം ഉണ്ടാകണമെന്ന് പരാതിക്കാരന്റെ മകൻ ഹിയറിംഗ് വേളയിൽ അറിയിച്ചു. ടി അപേക്ഷയിൽ അപേക്ഷകന് ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ പ്രകാരം ഭൂമി ലഭിച്ചിട്ടുള്ളതാണെന്നും, അതുകൊണ്ട് നെൽവയൽ തണ്ണീർത്തട നിയമം ബാധകമല്ലെന്നും, ആയതിനാൽ പരാതിക്കാരന്റെ പേരിലുള്ള പ്രസ്തുത ഭൂമിയെ റെക്കോർഡിൽ നിലം എന്നതിനു പകരം പുരയിടം എന്നു മാറ്റുന്നതിന് ബന്ധപ്പെട്ട തഹസിൽദാർക്ക് നിർദേശം നൽകണമെന്നുമാണ് പരാതിക്കാരൻ അഭ്യർഥിച്ചിരുന്നത്. ടി സ്ഥലം നിലവിൽ പൂർണ്ണമായും നികത്തപ്പെട്ട സ്ഥിതിയിലാണെന്നും, ബി. ടി. ആർ. പ്രകാരം ടി സ്ഥലം നിലം എന്ന് തന്നെയാണ് കാണുന്നതെന്നും കളക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ട് അറിയിച്ചു.

**7.** ഈ കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ. ടി. വി. മുഹമ്മദാലി ഹാജിയുടെ ഉടമസ്ഥതയിൽ താനൂർ വില്ലേജിൽ റീസർവ്വേ നമ്പർ **313/3**-ൽപ്പെട്ട **2** ഏക്കർ **13** സെന്റ് വസ്തു ടിയാന് വിലയാധാരം പ്രകാരം സിദ്ധിച്ചതാണെന്നും, **2008** ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വരുന്നതിനു മുൻപ്, നിലം നികത്താൻ ശ്രമിച്ചതിനെതിരെ അപേക്ഷകന് തിരൂർ

റവന്യൂ ഡിവിഷണൽ ഓഫീസർ, **KLU** ഓർഡർ **1967 clause 7** പ്രകാരം നൽകിയ **21.4.2007** തീയതിയിലെ **1614/05/F** നമ്പർ നോട്ടീസിനെ (സൂചന **(1)**) യാണ് പരാതിക്കാരൻ **KLU** ഓർഡർ എന്ന് തെറ്റായി വ്യാഖ്യാനിച്ചു കൊണ്ട് ഇപ്പോൾ സർക്കാരിൽ അപേക്ഷ തന്നിരിക്കുന്നതെന്നും, ആയതിൽ പറഞ്ഞിട്ടുള്ളത് ടിയാന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്വന്തമായോ മറ്റാരെയെങ്കിലും ചുമതലപ്പെടുത്തിയോ നെൽകൃഷി ചെയ്യണമെന്നായതിനാൽ, ടി ലാൻഡ് യൂട്ടിലൈസഷൻ ഓർഡർ പ്രകാരം വസ്തു ലഭിച്ചു എന്ന് ഇപ്പോൾ പറയുന്നത് അടിസ്ഥാന രഹിതമായ വാദമാണെന്നും സർക്കാർ കണ്ടെത്തിയിട്ടുണ്ട്.

**8.** പരാതിക്കാരൻ സമർപ്പിച്ച അപ്പീലിന്മേൽ, തഹസിൽദാറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്തിമ തീരുമാനമെടുക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർ നൽകിയ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ആർ.ഡി.ഒ ആയിരുന്ന ശ്രീമതി കല്യാണിക്കുട്ടി പരാതിക്കാസ്പദമായ നിലം ഇനത്തിൽപ്പെട്ട സ്ഥലം പരിശോധിച്ച്, അത് 'തോട്ടം/പുരയിടം' എന്നാക്കി മാറ്റാൻ നിർദ്ദേശം നൽകി കൊണ്ട് സൂചന **(2)** പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും, റവന്യൂ ഡിവിഷണൽ ഓഫീസർക്ക് ഒരു വയൽ ഇനത്തിലുള്ള ഭൂമി എങ്ങനെ ഉപയോഗിക്കണം എന്ന് മാത്രമേ നിർദ്ദേശിക്കുവാൻ വ്യവസ്ഥയുണ്ടായിരുന്നുള്ളൂ എന്നിരിക്കെ റവന്യൂ രേഖയിൽ നിലം ഇനത്തിലുള്ള ഭൂമിയുടെ തരം തോട്ടമാക്കി മാറ്റി നൽകി ഉത്തരവ് പുറപ്പെടുവിച്ച നടപടി ക്രമപ്രകാരമായിരുന്നില്ല എന്ന വിജിലൻസ് റിപ്പോർട്ട് ശരിയാണ് എന്ന് കാണുന്നു. എന്നാൽ ടിയാൾ സർവീസിൽ നിന്നും പിരിഞ്ഞതിനാൽ സർക്കാർ **GO(Rt) No.5187/16/RD dt 2.12.2016** ഉത്തരവ് പ്രകാരം അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കിയിരുന്നതിനാൽ ടി ഉദ്യോഗസ്ഥ പുറപ്പെടുവിച്ച ഉത്തരവും അംഗീകൃതമാണ് എന്ന നിലയിൽ പരാതിക്കാരൻ തന്റെ പരാതിയിൽ തെറ്റായി വ്യാഖ്യാനിച്ചിട്ടുണ്ട്.

**9.** കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്ന **2008** ന് മുൻപ് തന്നെ അനുമതിയില്ലാതെ നികത്തപ്പെട്ട പരാതിക്കാരന്റെ വസ്തു പൂർവ്വസ്ഥിതിയിൽ ആക്കുക എന്നതുതീർത്തും അപ്രായോഗികമായ നടപടിയാണെന്നും, ആയതിനാൽ ടി നടപടി ഒഴിവാക്കുന്നതാണ് ഉചിതമെന്നും, കൂടാതെ ആക്റ്റിലെ അനുവദനീയമായ വ്യവസ്ഥ പ്രകാരം പരാതിക്കാരന് നിയമാനുസൃതം ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ സമക്ഷം അപേക്ഷ സമർപ്പിച്ചു കൊണ്ട് തന്റെ ഭൂമി തരംമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും സർക്കാർ കണ്ടെത്തിയിട്ടുണ്ട്.

**10.** മേൽ സാഹചര്യത്തിൽ, **2008** ന് മുൻപ് തന്നെ അനുമതിയില്ലാതെ നികത്തപ്പെട്ട പരാതിക്കാരന്റെ വസ്തു പൂർവ്വസ്ഥിതിയിൽ ആക്കുക എന്നതുതീർത്തും അപ്രായോഗികമായ നടപടിയാകയാൽ അക്കാര്യത്തിൽ തുടർ നടപടി അവസാനിപ്പിക്കാവുന്നതാണ് എന്നും കൂടാതെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം **2008**ലെ അനുവദനീയമായ വ്യവസ്ഥ **[27(A)]** പ്രകാരം

പരാതിക്കാരന് നിയമാനുസൃതം ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ സമക്ഷം **Form 6** അപേക്ഷ സമർപ്പിച്ചു കൊണ്ട് തന്റെ ഭൂമി തരംമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ് എന്നും ഇപ്രകാരം അപേക്ഷകനിൽ നിന്നും അപേക്ഷ ലഭിക്കുന്ന പക്ഷം , കോടതി വിധി പാലിക്കേണ്ട വിഷയമായതിനാൽ ടി അപേക്ഷ അടിയന്തരമായി തീർപ്പാക്കുന്നതിന് നിയമാനുസൃത നടപടി സ്വീകരിക്കുവാൻ തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

ഇപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു കൊണ്ട് സൂചന (4)ലെ കോടതിവിധി നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**SHAHANSHA A**
അണ്ടർ സെക്രട്ടറി

1. ശ്രീ. ടി. വി. മുഹമ്മദാലി ഹാജി, തൈവളപ്പിൽ ഹൗസ്, പരിയപുരം, താനൂർ, തിരൂർ, മലപ്പുറം - 676302
2. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം)
3. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
4. ജില്ലാ കളക്ടർ, മലപ്പുറം.
5. റവന്യൂ ഡിവിഷണൽ ഓഫീസർ, തിരൂർ.
6. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. ഓഫീസ് കോപ്പി/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Jayalekshmi A C
Date: 24-02-2026 10:56:34
സെക്ഷൻ ഓഫീസർ

പകർപ്പ് : റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക് (അറിവിലേയ്ക്കായി)